II.ഇ.ബി. XII--കേരള നിയമസഭ/V--4

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2007 ജൂൺ 22, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

24.(*91) തുറമുഖങ്ങളുടെ വികസനം

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, കേരളത്തിലെ 17 ചെറുകിട തുറമുഖങ്ങളിൽ 6 തുറമുഖങ്ങൾ വികസിപ്പിക്കുവാൻ ഈ സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് അത് വികസിപ്പിച്ചെടുത്താൽ ഏഷ്യയിലെ മദർപോർട്ടായി മാറും. ഇതിനെ ഒരു അന്താരാഷ്ട്ര ആഴക്കടൽ കണ്ടെയ്നർ പോർട്ടായും ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബ് ആയും സ്വകാര്യ പങ്കാളിത്തത്തോടുകൂടി ബി.ഒ.റ്റി. അടിസ്ഥാനത്തിൽ വികസിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഒരു ഫാസ്റ്റ്ട്രാക് പ്രോജക്ടായി കണ്ടുകൊണ്ട് 2007-ൽ ത്തന്നെ ടെന്റർ നടപടികൾ പൂർത്തീകരിച്ച് പണി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും സെക്യൂരിറ്റി ക്ലിയറൻസ് കിട്ടാത്തതാണ് പ്രധാന തടസ്സം. അത് നേടിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം കാർഗോ ഹാർബറിൽ ചരക്കുഗതാ

ഗതം സാദ്ധ്യമാക്കുന്നതിന്റെ ഭാഗമായി കാർഗോ വാർഫിന്റെ നിർമ്മാണത്തിനായി പുനർ ദർഘാസ് ക്ഷണിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. IL& FS കമ്പനിയാണ് ഈ തുറമുഖ വികസനത്തിന്റെ ഉപദേഷ്ടാക്കൾ. തുറമുഖത്തിന് അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കേണ്ടത് സംസ്ഥാന സർക്കാരും റോഡ്-റെയിൽ കണക്ടിവിറ്റിയുടെ കാര്യങ്ങൾ ചെയ്യേണ്ടത് RITES-ഉം ആണ്. 4 മാസംകൊണ്ട് പണി പൂർത്തിയാകുന്ന കരാറനുസരിച്ച് 45 ലക്ഷം രൂപയാണ് ഇതിന് ചെലവ് പ്രതീക്ഷിക്കുന്നത്. കൊല്ലം(തങ്കശ്ശേരി) തുറമുഖ വികസനത്തിന്റെ ഭാഗമായി 116 മീറ്റർ നീളമുള്ള വാർഫിന്റെ നിർമ്മാണം, കാർഗോ വാർഫിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. ട്രാൻസിറ്റ് ഷെഡ്, ചുറ്റുമതിൽ, ഗോഡൗൺ എന്നിവയുടെ പ്രവൃത്തി ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തുറമുഖത്തിന്റെ ഉൽഘാടനം നടത്തി ഒരുമാസത്തിനുള്ളിൽ ആദ്യ കപ്പലിനെ സ്വീകരിക്കുന്നതിനായി കസ്റ്റംസ് ഏരിയ നോട്ടിഫൈ ചെയ്യുന്നതിനും പ്ളാന്റ് ക്വാറന്റയിൻ ഇൻസ്പെക്ഷൻ സജ്ജീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ തുറമുഖത്ത് അന്താരാഷ്ട്ര വിനോദസഞ്ചാരം മുൻനിർത്തി ഒരു മറീനയും കാർഗോ തുറമുഖവും സ്ഥാപിക്കുന്നതിനായി സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനും പദ്ധതി രേഖ തയ്യാറാക്കുന്നതിനുമായി കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനുള്ള ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചു. പൊന്നാനി തുറമുഖം ബി.ഒ.റ്റി അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന് ഒരു സ്വകാര്യ പങ്കാളി മുന്നോട്ടുവരുകയും സ്വിസ് ചലഞ്ച് മാതൃകയിൽ തുറമുഖം വികസിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയും ചെയ്യുന്നു. തുറമുഖ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് അഴീക്കലും മഞ്ചേശ്വരത്തും ഓരോ മാരിടൈം

അക്കാഡമികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അഴീക്കൽ തുറമുഖത്തെ നാഷണൽ മാരിടൈം ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കോസ്റ്റൽ ഷിപ്പിംഗിനായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ചെറുകിട തുറമുഖങ്ങളുടെ മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്നുണ്ട്. ഇതിന്റെ തുടർ നടപടികൾ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടു സ്വീകരിച്ചു വരുന്നു. ബേപ്പൂർ തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനായി ഉപദേശകനെ നിയമിക്കാനുള്ള ടേംസ് ഓഫ് റഫറൻസ് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിനായി 1387 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ട വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. തുറമുഖവികസനത്തിന് വൻ മൂലധന നിക്ഷേപവും ഉയർന്ന സാങ്കേതികവിദ്യയും മാനേജ്മെന്റ് പാടവവും വേണ്ടിവരുന്ന സാഹചര്യത്തിൽ സ്വകാര്യ നിക്ഷേപകരുടെ പങ്കാളിത്തത്തോടെ തുറമുഖ വികസനം സാക്ഷാൽക്കരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പബ്ളിക്/പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ വൻതോതിൽ സ്വകാര്യ നിക്ഷേപം സമാഹരിച്ച് സർക്കാർ നിയന്ത്രണങ്ങൾ നിലനിർത്തിയും തുറമുഖ ഉടമസ്ഥത സർക്കാരിൽത്തന്നെ നിലനിർത്തിയും ബി.ഒ.റ്റി. അടിസ്ഥാനത്തിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇൻഡ്യയിലേയ്ക്കുള്ള ചരക്കു കണ്ടെയിനറുകളുടെ 75 ശതമാനവും വിദേശ ടെർമിനലുകളിൽക്കൂടി വരുന്നതുകൊണ്ട് പ്രതിവർഷം ആയിരം കോടി രൂപയുടെ വിദേശനാണ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് ടെർമിനലുകളുടെ വികസനത്തിന് പ്രാധാന്യം നൽകിയിരിക്കുന്നത്. തുറമുഖ വികസനം അടിസ്ഥാന സൗകര്യ വികസനം ആയതിനാലും വർദ്ധിച്ച മുലധനനിക്ഷേപം വേണ്ടിവരുന്നതിനാലും കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗി

ലൂടെ (VGF) പൊതുവായി അടിസ്ഥാനസൗകര്യ പദ്ധതി ചെലവിന്റെ 20% വരെ പരമാവധി VGF സഹായമായി ലഭിക്കുന്ന ഒരു സ്കീം നിലവിലുണ്ട്. വല്ലാർപ്പാടം ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന് സർക്കാർ ടോപ്പ് പ്രയോറിറ്റി കൊടുത്ത് നടപ്പിലാക്കുന്നതാണ്. കോസ്റ്റൽ ഷിപ്പിംഗിന് മുൻഗണനകൊടുത്തു കൊണ്ടുള്ള ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അഴീക്കൽ കപ്പലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഒരു കേന്ദ്രം സ്ഥാപിക്കണമെന്ന നിർദ്ദേശമുണ്ടെന്നും നീണ്ടകര തുറമുഖം ഒരു മൈനർ പോർട്ടായി വികസിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വെളിപ്പെടുത്തി.

25 (*92) <u>സഹകരണമേഖല ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ) നൽകിയ മറുപടിയിൽ, സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും അഴിമതിരഹിതമാക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചു. സഹകരണനിക്ഷേപം കേരളീയം എന്ന പദ്ധതിയിലൂടെയും നിക്ഷേപസമാഹരണ പദ്ധതിയിലൂടെയും 32515.61 കോടി രൂപയുടെ പുതിയ നിക്ഷപം സമാഹരിക്കാൻ കഴിഞ്ഞത് കേരളത്തിലെ സഹകരണ ചരിത്രത്തിലെ സർവ്വകാല റിക്കാർഡാണ്. നിക്ഷേപകർ തുക പിൻവലിച്ചശേഷം 2980.73 കോടി രൂപ അധികനിക്ഷേപമായി വിവിധ സഹകരണസ്ഥാപനങ്ങളിൽ സ്വരൂപിക്കാനും 1110989 പുതിയ അക്കൗണ്ടുകൾ ആരംഭിക്കാനും 563.47 കോടി രൂപയുടെ കിട്ടാക്കടം പിരിച്ചെടുക്കാനും സഹകരണമേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഈ

ഗവണ്മെന്റ് വന്നതിനുശേഷം നിലവിലുള്ള സഹകരണസംഘങ്ങൾക്ക് 194 പുതിയ ബ്രാഞ്ചുകൾ അനുവദിച്ചിട്ടുണ്ട്. അഞ്ചുവർഷത്തിനുള്ളിൽ ആയിരം പുതിയ ശാഖകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ 156 പുതിയ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു അസംബ്ളി മണ്ഡല ത്തിൽ സഹകരണമേഖലയിൽ ഒരു കോ-ഓപ്പറേറ്റീവ് ആശുപത്രിയോ ഒരു പ്രൊഫഷണൽ കോളേജോ എന്ന നിലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരാലയങ്ങളും ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി 2 ഏക്കർ വരെ കൃഷിചെയ്യാനായി നെൽക്കൃഷിക്കാർക്ക് 10,000 രൂപയുടെ വായ്പ 4% പലിശ നിരക്കിൽ നൽകിവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദരിദ്ര കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹാ വശ്യത്തിന് മംഗല്യസൂത്ര സഹകരണസംഘം വഴി 4 ശതമാനം പലിശനി രക്കിൽ വായ്പ നൽകാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കാനും സഹകരണ മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ നെയ്യാറ്റിൻകരയിൽ ഒരു മാനേജ്മെന്റ് പഠനകേന്ദ്രം ആരംഭിക്കാനും നടപടി സ്വീകരിച്ചുവരുന്നു. ദുർബ്ബ ലസംഘങ്ങൾ/എസ്.സി/എസ്.ടി. സഹകരണസംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനായി വിവിധ പദ്ധ തികൾ നടപ്പിലാക്കിവരുന്നു. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ബഡ്ജറ്റ് സപ്പോർട്ടില്ലാതെ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. 10 ലക്ഷം കൃഷിക്കാർക്ക് 10,000 രൂപ വീതം വായ്പ നൽകുന്നതിന് 1000 കോടി രൂപ 2007-08 വർഷ ത്തിൽ മാറ്റിവയ്ക്കാൻ സഹകരണമേഖല തയ്യാറെടുത്തുകഴിഞ്ഞു. സംഘങ്ങ ളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണവകുപ്പ്

ഉദ്യോഗസ്ഥർക്ക് കൂടുതൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കംപ്യൂട്ട റൈസേഷൻ നടപടികളും സ്വീകരിച്ചുവരികയാണ്. സഹകരണ മേഖലയിൽ കോടിക്കണക്കിനു രൂപയുടെ അഴിമതി കണ്ടെത്തിയതിനെത്തുടർന്ന് ഈ മേഖലയെ അഴിമതിവിമുക്തമാക്കുന്നതിന്റെ ഭാഗമായി അഴിമതിയന്വേഷണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ഡി.ഐ.ജി. റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക അഴിമതി കണ്ടെത്തിയ കൊല്ലം ജില്ലാ ബാങ്ക് ഭരണ സമിതിയെ പിരിച്ചുവിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ കേസ് ഫയൽചെയ്ത് അന്വേഷണം തുടർന്നുവരികയാണ്. ദുർബ്ബല സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കു ന്നുണ്ട്. പ്രവർത്തനമൂലധനത്തിന്റെ അഭാവത്തിൽ പ്രവർത്തനരഹിതമായ സഹകരണസംഘങ്ങൾക്ക് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. എറണാകുളം, പാലക്കാട്, കോട്ടയം ജില്ലാ സഹകരണ ബാങ്കുകളെ കരിംപട്ടികയിൽപ്പെടുത്തിയത് പിൻവലിച്ച് അവർക്കുൾപ്പെടെ എല്ലാ പ്രൈമറി സഹകരണ ബാങ്കുകൾക്കും 2 ശതമാനം സബ്‌വെൻഷൻ നൽകാൻ നബാർഡ് തീരുമാനിച്ചിട്ടുണ്ട്. ദുർബ്ബലവിഭാഗത്തിൽ വരുന്ന സംഘങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി വനിതാ സഹകരണസംഘങ്ങൾക്ക് നൽകി വരുന്ന ഓഹരിമൂലധനം 50,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായും പ്രവർത്തന മൂലധന ഗ്രാന്റ് ഒരുലക്ഷം രൂപയിൽനിന്നും 2 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. എസ്.സി/എസ്.ടി. സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിൽ നിലനിൽക്കുന്ന വ്യാപകമായ

സ്തംഭനാവസ്ഥ എറണാകുളത്തു നടക്കുന്ന സഹകരണ സംഘങ്ങളുടെ ദ്വിദിന സെമിനാറിൽ പ്രത്യേകം പരിഗണിക്കുന്നതാണ്. പ്രവർത്തനക്ഷമമല്ലാത്ത അപ്പെക്സ് സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകരുടെ 2 കോടി രൂപയുടെ വായ്പ സഹകരണ ബാങ്ക് എഴുതിത്തള്ളിയിട്ടുണ്ട്. ബാക്കിയുള്ളത് പ്രോസ്സസ് ചെയ്യുന്ന മുറയ്ക്ക് എഴുതിത്തള്ളുന്നതാണ്. സുനാമി ബാധിത പ്രദേശങ്ങളിലെ സഹകരണ വായ്പ എഴുതിത്തള്ളുന്നതുസംബന്ധിച്ച റിപ്പോർട്ട് കേന്ദ്ര പ്ളാനിംഗ് കമ്മിഷന്റെ അനുമതിക്ക് അയച്ചിരിക്കുകയാണ്. സാഹിത്യ പ്രവർത്തക സഹകരണസംഘം പുനരുദ്ധരിക്കുന്നതിന് ഗ്രാന്റ് നൽകാൻ സഹകരണ ബാങ്കുകളിൽനിന്ന് കുറഞ്ഞ പലിശയ്ക്ക് സഹായം നൽകുമെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

26 (* 94) <u>അദ്ധ്യാപക തസ്തിക സംരക്ഷണം</u>

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 1996-97 അദ്ധ്യയന വർഷംവരെയുള്ള റെഗുലർ ഒഴിവുകളിൽ 14-7-97 വരെ നിയമനവും അംഗീകാരവും ലഭിച്ച അദ്ധ്യാപകർക്ക് സർക്കാർ സംരക്ഷണം നൽകി വരുന്നുണ്ടെന്നറിയിച്ചു.

27 (*97) <u>ദുരന്ത കൈകാര്യ അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ</u>

റവന്യൂ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ദേശീയ നയത്തിനനുസൃതമായി സംസ്ഥാന നയം രൂപീകരിക്കുക, ദുരന്ത സാദ്ധ്യതാപ്രദേശങ്ങളെ

തിരിച്ചറിഞ്ഞ് അപകട ഭീഷണി ഒഴിവാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക, ദുരന്ത ഫലങ്ങളുടെ ഗുരുതരാവസ്ഥ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക, ദുരന്തങ്ങളെ നേരിടുന്നതിനുള്ള കരുത്താർജ്ജിക്കുക, അവയെ നേരിടാനും തരണം ചെയ്യാനുമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുക, ദുരന്തങ്ങളുടെ രൂക്ഷതയും അനന്തര ഫലങ്ങളും മുൻകൂട്ടി വിലയിരുത്തി പ്രതിരോധ നടപടികൾ സ്വീകരിക്കുക, അപകട സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക തുടങ്ങിയവയാണ് ദുരന്ത കൈകാര്യ അതോറിറ്റി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന കർമ്മ പദ്ധതികളെന്നറിയിച്ചു. വിവിധതലങ്ങളിലുള്ള ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ഗ്രാമപഞ്ചായത്തുതലത്തിൽ സന്നദ്ധ സേവനത്തിനുള്ളവർ എന്നിവർക്ക് ദുരന്തങ്ങൾ നേരിടുന്നതിനെക്കുറിച്ച് പരശീലനം നൽകുന്നതിനും സ്കൂൾ തലത്തിൽ ബോധവൽക്കരണം നടത്തുന്നതിനും പരിപാടിയുണ്ട്. ദുരന്ത നിവാരണത്തിനായി ഒരു 'ടാസ്ക് ഫോഴ്സ്' രൂപീകരിക്കുന്ന കാര്യവും പരിഗണനയിലാണ്.

28 (* 100) കായിക രംഗത്തെ നൂതന പരിപാടികൾ

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിലെ കായിക രംഗം പരിപോഷിപ്പിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ടെന്നറിയിച്ചു.

സ്പോർട്ട്സ് കൗൺസിൽ വികേന്ദ്രീകരിച്ച് ഗ്രാമതലംവരെ എത്തിക്കുന്നതിന്റെ ഭാഗമായി 2000-ലെ സ്പോർട്ട്സ് ആക്ടിൽ ഭേദഗതി വരുത്തൽ;

.അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതംകൂടി ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിന്റെ ഒരു വാർഡിൽ ഒരു കളി സ്ഥലം, പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം/സ്വിമ്മിംഗ് പൂൾ എന്നിവ നിർമ്മിക്കൽ;

ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയുടെ പുനരാവിഷ്ക്കരണം;

സംസ്ഥാനത്ത് 1-ാം ക്ളാസ് മുതൽ 12-ാം ക്ളാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസം പാഠ്യ പദ്ധതിയുടെ ഭാഗമാക്കൽ;

കേരളത്തിലെ എല്ലാ ജനങ്ങൾക്കും പ്രയോജനകരമായ കേരള സംസ്ഥാന കായിക ക്ഷമതാ പദ്ധതി നടപ്പിലാക്കൽ;

സ്പോർട്ട്സ് ക്വാട്ടാ നിയമനം വർദ്ധിപ്പിക്കൽ;

കൂടാതെ സ്പോർട്ട്സ് രംഗം വികസിപ്പിക്കുന്നതിന് സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ കൂടുതൽ ട്രെയിനംഗ് സെന്ററുകൾ കേരളത്തിലാരംഭിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നുണ്ട്.

29 (*103) <u>സ്വാശ്രയകോളേജ് പ്രവേശനം</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം സംബന്ധിച്ച് സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജുമെന്റുകളുമായി സർക്കാർ ചർച്ച നടത്തിവരികയാണെന്നറിയിച്ചു. പ്രസ്തുത മാനേജുമെന്റുകൾ സർക്കാർ നടത്തുന്ന സമവായ ചർച്ചകളിൽ

കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത്.

30 (* 110) ഫിലിം സിറ്റി പദ്ധതി

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന ചലച്ചിത്ര വികസനകോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വീഡിയോ, സി.ഡി.നിർമ്മാണ യൂണിറ്റ്, ടി.വി.ഫിലിം പ്രൊഡക്ഷൻ സെന്റർ, ഫിലിം ഫിനാൻസ് ഏജൻസി രൂപവൽക്കരണം, ഐമാക്സ് തിയേറ്റർ സ്ഥാപിക്കൽ, ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണം എന്നിവ ഫിലിം സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നറിയിച്ചു.

31(* 111) റാഗിംഗ് വിരുദ്ധ നി.യമം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, റാഗിംഗ് വിരുദ്ധ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, കോളേജ് തലത്തിൽ സ്ഥാപന മേധാവികളേയും അദ്ധ്യാപക/രക്ഷാകർതൃ സമിതി പ്രതിനിധികളേയും ഉൾപ്പെടുത്തി റാഗിംഗ് വിരുദ്ധ സമിതികൾ രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും സർക്കുലറുകളും യഥാസമയം നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ സ്ഥാപന മേധാവികൾക്കും അയച്ചുകൊടുത്തിട്ടുണ്ടെന്നും അറിയിച്ചു.

32 (* 117) <u>റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 67 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് റെയിൽ ബോർഡ് അനുമതി നൽകിയതിൽ 12 എണ്ണം പൂർത്തിയാക്കി കമ്മിഷൻ ചെയ്തിട്ടുണ്ടെന്നും 11 മേൽപാലങ്ങളുടെ പണി പുരോഗമിച്ചുവരുന്നുണ്ടെന്നും അറിയിച്ചു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

37(645) <u>ബോട്ടുകൾ രജിസ്റ്റർ ചെയ്യുന്ന കേന്ദ്രങ്ങൾ</u>

കേരളത്തിൽ തുറമുഖ വകുപ്പിനു കീഴിൽ 3 ബോട്ട് കേന്ദ്രങ്ങളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നീണ്ടകരയിൽ 42-ഉം ആലപ്പുഴയിൽ 253-ഉം കോഴിക്കോട് 10-ഉം ബോട്ടുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

38 (662) <u>അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ക്കൂളുകൾ</u>

സംസ്ഥാനത്ത് ഇപ്പോൾ ഏകദേശം മൂവായിരത്തോളം സ്ക്കൂളുകൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നതായി കണക്കാക്കുന്നു.

39 (664) <u>എസ്.എസ്.എ. നടപ്പാക്കുന്ന നൂതന പദ്ധതികൾ</u>

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കലാകായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ, 'പഠനവും സമ്പാദ്യവും' പദ്ധതി, ക്ളസ്റ്റർ റിസോഴ്സ് സെന്റർ കേന്ദ്രീകരിച്ച് കബഡി, വോളിബോൾ, സൈക്ളിംഗ് പരിശീലനങ്ങൾ, സഹവാസക്യാമ്പിലൂടെ കലാ പ്രവർത്തനങ്ങൾക്ക് പ്രോൽസാഹനം എന്നിവ നൽകിവരുന്നു. സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി മുഴുവൻ കുട്ടികൾക്കും

പങ്കെടുക്കാവുന്നതരത്തിൽ ദിനാഘോഷങ്ങൾ നടത്തിവരുന്നു. 'നമ്മൾ ഫിലിം നിർമ്മാതാക്കൾ' എന്ന പദ്ധതി 8-ാം ക്ലാസ് കുട്ടികൾക്കുവേണ്ടി ഈ വർഷം നൂറ് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് കുട്ടികളുടെ നാടകക്കൂട്ടം, പൈലറ്റ് പ്രോഗ്രാം എന്നിവ നടപ്പിലാക്കുന്നുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി അധിക ക്ലാസ്റൂം നിർമ്മാണം, Girls' Toilet എന്നീ പദ്ധതികൾ ഈ വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ട്.

40 (665) <u>പാഠ്യപദ്ധതി പരിഷ്ക്കരിക്കൽ</u>

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-ന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിലേയ്ക്കായി രൂപീകരിച്ച 14 ഫോക്കസ് ഗ്രൂപ്പുകൾ ഉണ്ടാക്കിയ 14 നിലപാട് രേഖകൾ ക്രോഡീകരിച്ചു കൊണ്ട് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്ന കരട് രേഖ രൂപപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കരട് രേഖയിന്മേൽ കരിക്കുലം കമ്മിറ്റി, കോർ കമ്മിറ്റി, അദ്ധ്യാപക സംഘടന എന്നിവരുമായി ഒരു പ്രാവശ്യം ചർച്ച നടത്തിക്കഴിഞ്ഞു. പഞ്ചായത്ത് തലംവരെ ജനകീയ ചർച്ചയ്ക്ക് ഈ രേഖ വിധേയമാക്കും. അതിനുശേഷം ഇതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

41 (736) <u>അമൂല്യഗ്രന്ഥങ്ങളും താളിയോലകളും സംരക്ഷിക്കുവാൻ നടപടി</u>

സംസ്ഥാന പുരാരേഖാ വകുപ്പിൽ ക്ളീനിംഗ്, ഫ്യൂമിഗേഷൻ, രാസപദാർത്ഥങ്ങൾ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് അമൂല്യ ഗ്രന്ഥങ്ങളും താളിയോലകളും സംരക്ഷിക്കുന്നുണ്ട്. ഇവ ദൃശ്യവൽക്കരിക്കുന്നതിനും നാഷണൽ മാനു

സ്ക്രിപ്റ്റ് മിഷനുമായി സഹകരിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

42 (743) <u>ജില്ലാ ആസ്ഥാനങ്ങളിൽ സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

തിരുവനന്തപുരം ജില്ലാ ആസ്ഥാനത്ത് സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനും ആലപ്പുഴ, എറണാകുളം ജില്ലാ ആസ്ഥാനങ്ങളിൽ സിവിൽ സ്റ്റേഷനുകളുടെ അനക്സ് നിർമ്മിക്കുന്നതിനും മലപ്പുറം സിവിൽ സ്റ്റേഷന്റെ ബി-3 ബ്ളോക്ക് നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്ന വർഷവും വേണ്ടിവരുമെന്ന് കണക്കാക്കുന്ന തുകയും താഴെ ചേർക്കുന്നു.

| | വർഷം | തുക (രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം സിവിൽ സ്റ്റേഷൻ | 2008 അവസാനം | 16 കോടി |
| ആലപ്പുഴ സിവിൽ സ്റ്റേഷൻ, അനക്സ് | 2008 മാർച്ച് | 734 ലക്ഷം |
| എറണാകുളം സിവിൽ സ്റ്റേഷൻ, അനക്സ് | 2009 മാർച്ച് 26 | 255.63 ലക്ഷം |
| മലപ്പുറം ബി3-ബ്ളോക്ക് | 2007 ഡിസംബർ | 2കോടി 22 ലക്ഷം |

43 (828) <u>കാർഷിക വായ്പാ സഹായം</u>

2006-07 സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാന സഹകരണ ബാങ്കിന് കാർഷിക പുനർവായ്പയായി നബാർഡ് 342.65 കോടി രൂപയുടെ ക്രെഡിറ്റ് ലിമിറ്റ് അനുവദിക്കുകയും കാർഷിക വായ്പയിനത്തിൽ 264.19 കോടി രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.